**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.2550** 17.08.2017 ൽ മറുപടിയ്ക്ക്

## സ്കൂൾ വിദ്യാർത്ഥികളിൽ പുകയിലയുൽപന്നങ്ങളുടെ ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | വിദ്യാലയ പരിസരങ്ങളിൽ പുകയില ഉൽപന്നങ്ങളുടെ വിൽപന പാടില്ലെന്ന നിയമം വ്യാപകമായി ലംഘിക്കപ്പെടുന്നതായും കുട്ടികളിൽ ഇവയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന കോട്പ ആക്ട് പ്രകാരം നിരോധിച്ചിട്ടുള്ളതാണ്. പ്രസ്തുത നിയമം ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് വ്യാപകമായി കേസുകൾ കണ്ടെടുത്തിട്ടുണ്ട്. |
| (ബി) | സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനായി, പുകയില ഉൽപന്നങ്ങളുടെ വിൽപനയ്ക്ക് ലൈസൻസിംഗ് നിയന്ത്രണങ്ങൾ കർശനമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | കേന്ദ്ര പുകയില നിയന്ത്രണ നിയമം "കോട്പ 2003 " സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) | കേന്ദ്ര പുകയില നിയന്ത്രണ നിയമം കോട്പ 2003 സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കാൻ എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകളും നിയമ നടപടികളും സ്വീകരിച്ചു വരുന്നു. 20/09/14 തീയതിയിലെ ജിഒ(പി) 155/14/നിവ(എസ് ആർഒ;560/14),27/12/16 തീയതിയിലെ ജിഒ(പി) 112/16/നിവ(എസ് ആർഒ;788/16/),എന്നീ ഗസറ്റ് വിജ്ഞാപനങ്ങൾ പ്രകാരം എക്സൈസ് ഇൻസ്പെക്ടർക്ക് മുകളിലെ ഉദ്യോഗസ്ഥരെ കോട്പ 2003 ലെ |

| | | | |
|---|---|---|---|
| | | | സെക്ഷൻ4,6,12,13,28 മുഖേന കേസ് എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തുത നിയമ പ്രകാരം കേസുകൾ കണ്ടെടുക്കുന്നതിന്എക്സൈസ് വകുപ്പിനെ അധികാരപ്പെടുത്തിയതിന് ശേഷം 2015, 2016 വർഷങ്ങളിൽ യഥാക്രമം 6042, 45756 കോട്പ കേസുകളും, 2017 ജൂലൈ മാസം വരെ 39105 കോട്പ കേസുകളുമാണ് എക്സൈസ് വകുപ്പ് കണ്ടെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ